8/9/2020
TUESDAY

# MALAYALAM [Adisthana Paadavali]

STD-X
Class-12

## Assignment

1) 'അമ്മയെ ഉപേക്ഷിക്കാൻ മകൻ നടത്തുന്ന യാത്ര മകന്റെ മുൻകാല ജീവിതാനുഭവങ്ങളിലേക്കുള്ള യാത്രയായി മാറുന്നുണ്ട്' ഈ ആശയത്തോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.

Ans) വർത്തമാനകാലത്തെ ഒരു പ്രധാന സാമൂഹ്യ പ്രശ്നത്തെ കൈകാര്യം ചെയ്തിരിക്കുന്ന റഫീക് അഹമ്മദിന്റെ വികാരപൂർണമായ ഒരു കവിതയാണ് അമ്മത്തൊട്ടിൽ. എങ്ങോട്ടുപോകുന്നുവെന്ന് ചോദിക്കാൻ പോലും ത്രാണിയില്ലാത്ത അമ്മ പണ്ട് തന്റെ കുട്ടിക്കാലത്ത് തനിക്കു പനി വന്നപ്പോൾ തന്നെ എടുത്തുകൊണ്ട് കയറിപ്പോയ പടികൾ കാണുമ്പോൾ ആ മകന്റെ മനസ്സ് നിറയുകയാണ്. വിദ്യാലയത്തിനു മുന്നിലെത്തുമ്പോൾ അമ്മ തന്നെയുംകൊണ്ട് വിദ്യാലയത്തിൽ പോയതും ഉച്ചയാവോളം ചുറ്റുമതിലിനു വെളിയിൽ കാവൽ നിന്നതും അന്നു തന്നെ പിച്ചിയതും മകന് ഓർമ്മ വരുന്നു. ജീവിതാഘാതങ്ങളിൽ തകർന്ന അമ്മ അന്ത്യകാലത്ത് കോവിലിൽ കൊണ്ടുപോകണമെന്ന് ശഠിക്കുന്നു. സ്വയം ബുദ്ധികെട്ടു കരിന്തിരിയാളും വരെ എന്ന പ്രയോഗം അർത്ഥവത്താണ്. വീട്ടിലെ മറ്റംഗങ്ങളുടെ അവഗണന പ്രായമായവരുടെ ജീവിതാശകളെ ഇല്ലായ്മ ചെയ്യുന്നു. സ്വയം ബുദ്ധികെട്ട് കരിന്തിരി കത്തും വരെ അമ്മ മകനെ കൊണ്ടുപോകണമെന്നാഗ്രഹിച്ച കോവിലിനു മുമ്പിൽ അമ്മയെ ഇറക്കിവിട്ടാലോ എന്ന് മകൻ ചിന്തിക്കുന്നു. മനുഷ്യന്റെ ക്രൂരതകൾ കണ്ട് ഈശ്വരൻ കോവിലിൽ നിന്ന് ഇറങ്ങിപ്പോകുന്ന പോലെ മകനു തോന്നുന്നു. അങ്ങനെ അവിടെയും അമ്മയെ ഉപേക്ഷിക്കാതെ മടങ്ങുന്നു. ഇങ്ങനെ അമ്മയെ ഉപേക്ഷിക്കാൻ മകൻ നടത്തുന്ന ഓരോ യാത്രയും മകന്റെ മുൻകാല ജീവിതാനുഭവങ്ങളായി മാറുന്നു.